# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി II
## (SUBJECT COMMITTEE II)

# ഭൂനികുതിയും ദേവസ്വവും
# (LAND REVENUE AND DEVASWOM)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**മൂന്നാമത് റിപ്പോർട്ട്**
**(2018-19)**

**THIRD REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2018-2019)**

2018 ഫെബ്രുവരി 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th February, 2018)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി II

# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും

## (LAND REVENUE AND DEVASWOM)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ട്

(2018-2019)

THIRD REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2018-2019)

262/2018.

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

## (2016-2018)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

ശ്രീ. അടൂർ പ്രകാശ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ഇ. പി. ജയരാജൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാജൻ

ശ്രീ. എം. ഉമ്മർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.—

2018 ഫെബ്രുവരി 16-ാം തീയതിയിൽ സമിതി യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു:

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ VI | — | ഭൂനികുതി |
| ധനാഭ്യർത്ഥന നമ്പർ XI | — | ജില്ലാ ഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XX | — | ശുദ്ധജല വിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ XXVI | — | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് |
| ധനാഭ്യർത്ഥന നമ്പർ XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |

മേൽ പ്രസ്താവിച്ച ധനാഭ്യർത്ഥനകൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2018 ഫെബ്രുവരി 21-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 21.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി

വോട്ട് ചെയ്തത് : 72538.62 ലക്ഷം രൂപ

ചാർജ് ചെയ്തത് : 1.66 ലക്ഷം രൂപ

2029-00-001-98—കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 2200 ലക്ഷം രൂപ (പ്ലാൻ)

1. വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് റവന്യൂ ഓഫീസുകളെ ഘട്ടം ഘട്ടമായി സ്മാർട്ടാക്കി മാറ്റിയെടുക്കുന്നതിനുള്ള പദ്ധതിയ്ക്കായി മേൽ ശീർഷകത്തിൽ 2017-18 വർഷം 1000 ലക്ഷം രൂപയുടെ അധിക ധന അനുമതി ലഭിക്കുകയുണ്ടായി എന്നും പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകങ്ങളിൽ ഉണ്ടായിരുന്ന പദ്ധതികളായ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, കളക്ടറേറ്റിലെ കോൺഫറൻസ് ഹാൾ നവീകരണം ഇവയ്ക്കായി 2017-18 സാമ്പത്തിക വർഷം 1540 ലക്ഷം രൂപ ചെലവഴിക്കുന്നതിനായി അധികധനാനുമതി ലഭിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. 2018-19 സാമ്പത്തികവർഷത്തിൽ വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, കളക്ടറേറ്റ് ഹാൾ നവീകരണം എന്നീ പദ്ധതികളുടെ ബഡ്ജറ്റ് വിഹിതം പൊതുമരാമത്ത് വകുപ്പിന്റെ 4059-01-051-61-(PV) (1400 ലക്ഷം രൂപ), 2059-01-051-82-(PV)(500 ലക്ഷം രൂപ), 2059-01-051-81-(PV) (400 ലക്ഷം രൂപ) എന്നീ ശീർഷകങ്ങളിലാണ് വകയിരുത്തിയിട്ടുള്ളതെന്നും കൂടാതെ, സ്മാർട്ട് റവന്യൂ ഓഫീസുകളുടെ നിർമ്മാണം എന്ന പദ്ധതിയുടെ ഘടകമായ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം എന്ന ഘടകത്തിനുള്ള ഫണ്ട് 2029-00-001-98 എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനാണ് പ്ലാനിംഗ് ബോർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതെങ്കിലും 2018-19 ബഡ്ജറ്റിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള 235.80 ലക്ഷം രൂപ ഭവനനിർമ്മാണം എന്ന ധനാഭ്യർത്ഥനയ്ക്ക് കീഴിലെ 4216-01-700-85 എന്ന ശീർഷകത്തിലാണ് വകയിരുത്തിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. മേൽ പരാമർശിച്ച പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേനയോ ഭവനനിർമ്മാണ വകുപ്പ് മുഖേനയോ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടിക്രമങ്ങളിലെ കാലതാമസം തടസ്സമാകുമെന്നതിനാൽ നിലവിൽ പൊതുമരാമത്ത് എന്ന ധനാഭ്യർത്ഥന നമ്പർ XV ന് കീഴിലെ 4059-01-051-61-(PV), (14 കോടി രൂപ), 2059-01-051-82-(PV) (5 കോടി രൂപ), 2059-01-051-81-(PV)(4 കോടി രൂപ) എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള യഥാക്രമം 1400 ലക്ഷം രൂപയും, 500 ലക്ഷം രൂപയും 400 ലക്ഷം രൂപയും, ഭവനനിർമ്മാണം എന്ന ധനാഭ്യർത്ഥന നമ്പർ XXI-ന കീഴിലെ 4216-01-700-85 എന്ന

ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 235.80 ലക്ഷം രൂപയും ധനാഭ്യർത്ഥന VI-ലെ റവന്യൂ വകുപ്പിന്റെ 2029-00-01-98 എന്ന ശീർഷകത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-001-97—റവന്യൂ വകുപ്പിന്റെ കംപ്യൂട്ടർവൽക്കരണം

ബഡ്ജറ്റ് വിഹിതം : 1550 ലക്ഷം രൂപ (പ്ലാൻ)

2. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി വിവിധ സംയോജിത സേവന വിനിമയ സംവിധാനം ഒരുക്കുന്നതിനും രജിസ്ട്രേഷൻ, റവന്യൂ, സർവ്വേയും ഭൂരേഖയും വകുപ്പുകളുടെ ഭൂരേഖാ സേവന വിനിമയ സംവിധാനം ഏകോപിപ്പിക്കുകയും ഭൂരേഖ കൈകാര്യം ചെയ്യുന്നതിന് ഒരു ഫലപ്രദമായ സംവിധാനം കൊണ്ടുവരേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിലേക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2346 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-103-95—ഭൂരേഖാ സേവന ലഭ്യതയും ഉദ്ഗ്രഥനവും

ബഡ്ജറ്റ് വിഹിതം : 5000 ലക്ഷം രൂപ (പ്ലാൻ)

3. സർവ്വേ - റവന്യൂ - രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂരേഖ അനുബന്ധ സേവനങ്ങൾ ഒന്നിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾക്കും വില്ലേജ് ഡിജിറ്റൽ സർവ്വെ ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ, ഓൺലൈൻ മോണിറ്ററിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2018-19 വർഷത്തിൽ ലക്ഷ്യമിടുന്ന ഡിജിറ്റൽ സർവ്വേ ജോലികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 5700 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

വോട്ട് ചെയ്തത് - 67404.43 ലക്ഷം രൂപ

ചാർജ് ചെയ്തത് - 107.15 ലക്ഷം രൂപ

2053-00-093-99—കളക്ടർമാരും മജിസ്ട്രേറ്റുമാരും

ബഡ്ജറ്റ് വിഹിതം : 15552.57 ലക്ഷം രൂപ (നോൺ പ്ലാൻ)

4. സംസ്ഥാനത്ത് പുതുതായി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ച 6 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും

2 താലൂക്കുകളിലെയും ഓഫീസുകളിലേക്ക് വാഹനം വാങ്ങുന്നതിനായി 2053-00-093-99-21(1) എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-093-98—സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടന

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ (നോൺ പ്ലാൻ)

5. സംസ്ഥാനത്ത് 6 റവന്യൂ ഡിവിഷണൽ ഓഫീസുകളും 2 താലൂക്കുകളും പുതുതായി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 140 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-50—ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരന്തനിവാരണവും പുനരധിവാസവും

ബഡ്ജറ്റ് വിഹിതം : 500 ലക്ഷം രൂപ (പ്ലാൻ)

6. നിലവിൽ ദുരന്തനിവാരണ അതോറിറ്റിയിലും സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം വർക്കിംങ് ഗ്രൂപ്പ് അംഗീകാരത്തോടെ പ്ലാൻ ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നതെന്നും അതോറിറ്റിയുടെ പ്രവർത്തനം 10 വർഷം പൂർത്തീകരിച്ചതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ നോൺപ്ലാൻ ഹെഡ് (ശമ്പള ഹെഡ്) അനുവദിച്ച് 150 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-47—സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ശാക്തീകരണം (100% കേന്ദ്രാവിഷ്കൃതം)

ബഡ്ജറ്റ് വിഹിതം : ഇല്ല

7. ഈ പ്രോജക്ടിനായി കേന്ദ്രഗവൺമെന്റിൽ നിന്നും 55 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതായും അതിൽ 24.73 ലക്ഷം രൂപ ഇതിനകം ലഭിച്ചിട്ടുള്ളതുമാണെന്ന് സമിതി മനസ്സിലാക്കുന്നു. ബാക്കി തുകയായ 30.27 ലക്ഷം രൂപ 2018-19 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-46—<u>ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്-ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 160 ലക്ഷം രൂപ (പ്ലാൻ)

8. റവന്യൂ ഗൈഡ്, റവന്യൂ വാർത്ത എന്നിവ പ്രസിദ്ധീകരിക്കുന്നതിനും പ്രിന്റർ, സ്കാനർ ഉൾപ്പെടെ ഉപകരണങ്ങൾ വാങ്ങുന്നതിനും ഓപ്പൺ എയർ ആഡിറ്റോറിയം നിർമ്മാണത്തിനും ട്രെയിനിംഗിനും കൂടുതൽ തുക ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2250-00-101-99—<u>സംസ്ഥാന ധർമ്മകാര്യം</u>

ബഡ്ജറ്റ് വിഹിതം : 12000 രൂപ (നോൺ പ്ലാൻ)

9. തിരുവനന്തപുരം SMV സ്കൂളിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിലെ പൂജാരിക്ക് നൽകുന്ന ഓണറേറിയം പ്രതിമാസം ആയിരം രൂപയിൽ നിന്നും രണ്ടായിരം രൂപയായി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ <u>ഈ ശീർഷകത്തിൽ അധികമായി 12000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2250-00-102-99—<u>1951-ലെ മദ്രാസ് എച്ച്.ആർ.ആന്റ്സി.ഇ. നിയമം നടപ്പാക്കൽ -01- ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

10. നിർത്തലാക്കപ്പെട്ട എച്ച്. ആർ. ആന്റ് സി. ഇ. വകുപ്പിലെ ജീവനക്കാർ മലബാർ ദേവസ്വം ബോർഡിലാണ് പ്രവർത്തിക്കുന്നത്. വകുപ്പ് ജീവനക്കാർ എന്ന നിലയിൽ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് നിലവിലുണ്ടായിരുന്ന 2250-00-102-99-01- ശമ്പളം എന്ന ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം ആകെ 1,000 രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും മേൽ ശീർഷകത്തിൽ ട്രഷറി വഴി ശമ്പളം നൽകുന്നതിന് 900 ലക്ഷം രൂപ 2250-00-103-87-31 ഗ്രാന്റ് ഇൻ എയ്ഡ് ശമ്പളം എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 28,85,00,000/- രൂപയിൽ നിന്നും അനുവദിച്ചാൽ എച്ച്.ആർ.ആന്റ് സി.ഇ. വകുപ്പിലെ ജീവനക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാകുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ 2250-00-103-87-31 ഗ്രാന്റ് ഇൻ എയ്ഡ് - ശമ്പളം എന്ന ശീർഷകത്തിൽ നിന്നും 899.99 ലക്ഷം രൂപ 2250-00-102-99-01 ശമ്പളം എന്ന ശീർഷകത്തിലേക്ക് മാറ്റി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2250-00-102-98—കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

31-സഹായധനം- ശമ്പളം

36- സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : (31)-138.98 ലക്ഷം രൂപ (നോൺ പ്ലാൻ)

(36) 40.54 ലക്ഷം രൂപ (നോൺ പ്ലാൻ)

ആകെ 179.52 ലക്ഷം രൂപ (നോൺ പ്ലാൻ)

11. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിവിധ തസ്തികകളിൽ പരീക്ഷ നടത്തുമ്പോൾ ആയതിനുള്ള ചെലവിനും കൂടുതൽ ജീവനക്കാരെ നിയമിക്കേണ്ടതിനുള്ള ശമ്പള ചെലവിനുമായി കൂടുതൽ തുക ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1844.79 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-98—കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

12. കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി ഭാരിച്ച ചെലവ് വരുന്നുണ്ടെന്നും ക്ഷേത്രങ്ങളുടെ തനതു ഫണ്ടിൽ നിന്നും തുക കണ്ടെത്തുക പ്രയാസമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-91—മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേക്ക് സർക്കാർ നൽകുന്ന സംഭാവന

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

13. മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധി മലബാർ ദേവസ്വം ബോർഡിന്റെ തനതു ഫണ്ടിൽ നിന്നാണ് ആനുകൂല്യങ്ങൾ നൽകി വരുന്നത്. 1-7-2014-ൽ ജീവനക്കാരുടെ പെൻഷനും ഗ്രാറ്റുവിറ്റിയും പരിഷ്കരിക്കുകയുണ്ടായെന്നും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും

ക്ഷേത്രജീവനക്കാരുടെയും പെൻഷൻ സമാനമായിരിക്കുന്ന അനൗചിത്യം പരിഹരിക്കുന്നതിനായി എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ 6000 രൂപയായി വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിലേക്കായി ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-87—മലബാർ ദേവസ്വം ബോർഡ് -

31- സഹായധനം- ശമ്പളം

36- സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : (31) - 2885 ലക്ഷം രൂപ (നോൺ പ്ലാൻ)

(36) - 1045.27 ലക്ഷം രൂപ (നോൺ പ്ലാൻ)

ആകെ 3930.27 ലക്ഷം രൂപ (നോൺ പ്ലാൻ)

14. മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ക്ഷേത്രഭൂമി സംരക്ഷണം, കംഫർട്ട് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ് എന്നിവ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് അധികം തുക ആവശ്യമായി വരുമെന്നും ജീർണ്ണോദ്ധാരണ ഗ്രാന്റിന് മാത്രം 1000 ലക്ഷം രൂപ ആവശ്യമായി വരുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ പദ്ധതികൾക്കെല്ലാം കൂടി ഈ ശീർഷകത്തിൽ അധികമായി 4579.73 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-86—ആചാര്യസ്ഥാനികർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ്

ബഡ്ജറ്റ് വിഹിതം : 125 ലക്ഷം രൂപ (നോൺ പ്ലാൻ)

15. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ആചാര്യസ്ഥാനികർക്കും കോലധാരികൾക്കും സർക്കാർ വർഷാവർഷം അനുവദിക്കുന്ന തുക അപര്യാപ്തമായി വരുന്ന സാഹചര്യത്തിൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചാണ് ധനസഹായം വിതരണം ചെയ്തു വരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആചാര്യസ്ഥാനികർക്കും കോലധാരികൾക്കുമുള്ള ധനസഹായം 1,200 രൂപയായി ഉയർത്തുമെന്ന് നിയമസഭയിൽ ബഹു. ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധികമായി 600 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-85—മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (നോൺ പ്ലാൻ)

16. മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായതിനാൽ പ്രസ്തുത അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനും അക്കാദമിയുടെ സകലവിധ പ്രവർത്തനത്തിനും, നടത്തിപ്പിനും തുക അധികമായി അനുവദിക്കേണ്ടതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 495 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-80—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ (നോൺ പ്ലാൻ)

17. സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്നതിനാൽ വിവിധ പ്രദേശങ്ങളിലെ ജലസമൃദ്ധി ഉറപ്പാക്കാൻ കാവുകളെയും കുളങ്ങളെയും സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 1900 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XX—

## ശുദ്ധജലവിതരണവും ശുചീകരണവും

വോട്ട് ചെയ്തത് : 149372.77 ലക്ഷം രൂപ

ചാർജ് ചെയ്തത് : ഇല്ല

2215-02-105-95—ഗ്രാമീണ ശുചീകരണ സർവ്വീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള ധനസഹായം)

ബഡ്ജറ്റ് വിഹിതം : 121.7 ലക്ഷം രൂപ (നോൺ പ്ലാൻ)

18. ശബരിമലയിലും എരുമേലിയിലും പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടത് പരമപ്രധാനമായ കാര്യമായതിനാൽ ഇക്കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കൂടുതൽ തുക അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 178.3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVI—

## പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

വോട്ട് ചെയ്തത് : 44399.98 ലക്ഷം രൂപ

ചാർജ് ചെയ്തത് : ഇല്ല

2245-80-102-95—ചുഴലിക്കാറ്റ്മൂലമുള്ള അപകട സാദ്ധ്യത ശമിപ്പിക്കാനുള്ള ദേശീയ പദ്ധതി

ബഡ്ജറ്റ് വിഹിതം : (01) 750 ലക്ഷം രൂപ (പ്ലാൻ)

(04) 250 ലക്ഷം രൂപ (പ്ലാൻ)

ആകെ - 1000 ലക്ഷം രൂപ (പ്ലാൻ)

19. ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ കേരളത്തിലെ തീരപ്രദേശങ്ങളിൽ ചുഴലിക്കാറ്റ് മൂലമുണ്ടാകുന്ന അപകട സാദ്ധ്യത വ്യാപ്തി കുറയ്ക്കുന്നതിനുവേണ്ടി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമഗ്രമായ പദ്ധതിയാണ് ദേശീയ ചുഴലിക്കാറ്റ് അപകട സാദ്ധ്യത ലഘൂകരണ പദ്ധതി. ഈ പദ്ധതിയിൻ കീഴിൽ ദുരന്ത സാധ്യതാ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നതിനായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2245-80-102-94—ഇന്ത്യയിൽ വെള്ളപ്പൊക്ക ഭീഷണി ഏറ്റവും കൂടുതൽ നേരിടുന്ന തെരഞ്ഞെടുത്ത 30 ജില്ലകളിൽ സാമൂഹിക സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിന് (ആപ്ത മിത്ര) – കോട്ടയം ജില്ല

ബഡ്ജറ്റ് വിഹിതം : ഇല്ല

20. ദുരന്ത പ്രതികരണവുമായി ബന്ധപ്പെട്ട് പ്രാദേശിക വോളന്റിയർമാരെ പരിശീലിപ്പിക്കുന്നതിനായുള്ള ഈ പദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ പ്രസ്തുത പദ്ധതിയുമായി (ആപ്ത മിത്ര) ബന്ധപ്പെട്ട ഈ ശീർഷകത്തിൽ 22.7 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2245-80-800-80—പലവക ദുരിതാശ്വാസ പ്രവർത്തനത്തിനുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 500 ലക്ഷം രൂപ (നോൺ പ്ലാൻ)

21. ഓഖി ദുരിത ബാധിതർക്ക് കേന്ദ്ര സർക്കാർ നൽകിയ ധനസഹായം വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ 10000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 21,

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.